34750

അടിയന്തിരം

കേരള സർക്കാർ

തൊഴിലും പുനരധിവാസവും (സി) വകുപ്പ്

നം.2810/സി2/09/തൊഴിൽ.

തിരുവനന്തപുരം
തീയതി 23.7.2014

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ,
തിരുവനന്തപുരം.

മാഡം,

വിഷയം - ഐ.ടി.ഐ. ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ ട്രേഡ് നിർത്തൽ ചെയ്യുവാൻ നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന - താങ്കളുടെ 4.2.2014-ലെ എഫ്1/26966/13 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഗവ. അംഗീകാരത്തോടെ, ഗവ. ഐ.ടി.ഐ. കളിലും പ്രൈവറ്റ് ഐ.ടി.ഐ. കളിലും നടത്തപ്പെടുന്ന "ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ" (HSI) ട്രേഡിൽ പരിശീലനം നേടി സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്ന ട്രെയിനികൾക്ക്, ടി കോഴ്സ് പി.എസ്.സി അംഗികരിക്കാത്തതിനാൽ സർക്കാർ സ്ഥാപനങ്ങളിൽ ജോലി നിഷേധിക്കുന്നതായി ധാരാളം പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത കോഴ്സിന് പ്രൈവറ്റ് ഐ.ടി.ഐ. കളിൽ 25,000/- രൂപയിൽ അധികം വാർഷിക ഫീസ് ഈടാക്കുന്നതായിട്ടാണ് പരാതിയിൽ അറിയിച്ചിട്ടുള്ളത്. ഐ.ടി.ഐ.കളിൽ നിന്നും ടി ട്രേഡിൽ പരിശീലനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് പി.എസ്.സി. പരീക്ഷകൾ/ഇന്റർവ്യൂകൾ പങ്കെടുക്കാൻ പറ്റാത്ത സ്ഥിതി വിശേഷമാണ് നിലവിലുള്ളത്.

പഞ്ചായത്ത് വകുപ്പിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയും ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും HSI ട്രേഡിലെ സർട്ടിഫിക്കറ്റ് യോഗ്യതയാക്കാവുന്നതാണ് എന്ന് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഈ വിഷയം സംബന്ധിച്ച് 10.9.2013 ൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ഒരു മീറ്റിംഗ് കൂടുകയും NCVT/SCVT നടത്തുന്ന ഒരു വർഷ ഐ.ടി.ഐ. ( Health Sanitary Inspector) ട്രേഡ് പാസായി NTC/STC ലഭിക്കുന്നവരെ പഞ്ചായത്ത് വകുപ്പിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയിലേയ്ക്കും ആരോഗ്യവകുപ്പിലെ ജൂനിയർ ഹെർത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കും ഉള്ള നിയമനത്തിന് പരിഗണിക്കണമെന്ന് തീരുമാനമെടുക്കുകയും ടി വകുപ്പുകളിലെ സ്പെഷ്യൽ റൂളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് അടിയന്തിര തുടർനടപടികൾ സ്വീകരിക്കണമെന്ന്

നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ "ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ" കോഴ്സ് ജയിച്ച സർട്ടിഫിക്കറ്റ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയ്ക്ക് യോഗ്യതയായി പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അറിയിച്ചിട്ടുണ്ട്. നിരവധി കത്തുകൾ അയച്ചിട്ടും തദ്ദേശസ്വയംഭരണ വകുപ്പ് ഇക്കാര്യത്തിൽ അനുകൂലമായ മറുപടി ഇതേവരെ ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധമായ പരാതികൾ 2008 മുതൽ സർക്കാരിൽ ലഭിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇക്കാര്യത്തിൽ പരാതിക്കാരുടെ ആവശ്യം ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. ഐ.ടി.ഐ. കളിൽ നടത്തുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ് പാസ്സാകുന്നവർക്ക് സംസ്ഥാന സർക്കാർ വകുപ്പുകളിൽ തൊഴിൽ സാധ്യത ഇപ്പോൾ ഇല്ല. മാത്രമല്ല ടി ട്രേഡ് പാസ്സാകുന്നവർക്ക് സ്വയംതൊഴിൽ/സ്വകാര്യ മേഖലയിലും തൊഴിൽ സാധ്യതയില്ലായെന്ന് പരാതിയുണ്ട്.

മേൽ സാഹചര്യത്തിൽ, ഐ.ടി.ഐ. കളിലെ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ് ഇനിയും തുടരുന്നത് കുട്ടികളുടെ ഭാവിയെ ദോഷകരമായി ബാധിക്കും. ആയതിനാൽ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ് ഐ.ടി.ഐ. കളിൽ നിർത്തൽ ചെയ്യുവാനുള്ള നടപടി താങ്കൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് അറിയിക്കുന്നു. സ്വീകരിച്ച നടപടി സംബന്ധമായ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം സർക്കാരിൽ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
സി. രാജേന്ദ്രൻ ചെട്ടിയാർ,
അണ്ടർ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

**Endorsement No. F1/26966/13 dtd. 30/07/2014**

Copy communicated to all Govt/Pvt ITI Principals for information and necessary action.

For Director Of Training

Copy- CA to DT, CA to ADT, DSAA, DDT, DD(P),SF Website